## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307


**നടപടിക്രമം**

വിദ്യാഭ്യാസം -സാങ്കേതികം- കാസർഗോഡ് സർക്കാർ പോളി ടെക്നിക്ക് കോളേജിലെ ഇലക്ട്രോണിക് എഞ്ചിനീയറിംഗ് വിഭാഗത്തിനു കീഴിലുള്ള VLSI/Embedded സിസ്റ്റം ലാബിലെ അലുമിനിയം ഫാബ്രിക്കേഷൻ മാറ്റി പുതിയ ജനൽ ഫ്രെയിമുകളും ഗ്ലാസ്സുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/12463/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 17.07.2023

---

വായന:- 1.23/03/2023 ലെ കാസർഗോഡ്സർക്കാർ വനിതാ പോളി ടെക്നിക്ക് കോളേജിലെ പ്രിൻസിപ്പലിന്റെ /കത്ത് നം.ബിഡി/726/23/ജിപിസി -കെ എസ് ആർ ഡി

2.കാഞ്ഞങ്ങാട് പൊതുമാരാമത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് നം.PWD/BLDG/EST/3325/2023_5_1_1

**ഉത്തരവ്**

കാസർഗോഡ് സർക്കാർ പോളി ടെക്നിക്ക് കോളേജിലെ പ്രധാന കെട്ടിടത്തിലെ ഇലക്ട്രോണിക് എഞ്ചിനീയറിംഗ് വിഭാഗത്തിനു കീഴിലുള്ള VLSI/Embedded സിസ്റ്റം ലാബിലെ ഇരുമ്പ് നിർമ്മിതമായ ജനാലകളും വാതിലുകളും അലുമിനിയം ഫാബ്രിക്കേഷൻ ചെയ്ത ജനൽ ഫ്രെയിമുകളും കാലപ്പഴക്കം മൂലം അടർന്നുവീഴാവുന്ന അവസ്ഥയിലായതിനാൽ അവ മാറ്റി പുതിയ ജനൽ ഫ്രെയിമുകളും ഗ്ലാസ്സുകളും സ്ഥാപിക്കുന്നതിനുള്ള 2,91,000/- (രണ്ടു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം ) രൂപ ചിലവ് വരുമെന്ന് കണക്കാക്കി പ്രൊപ്പോസൽ ഭരണാനുമതിക്കായി വായന (1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം സ്ഥാപനത്തിലെ ഇലക്ട്രോണിക് എഞ്ചിനീയറിംഗ് വിഭാഗത്തിനു കീഴിലുള്ള VLSI/Embedded സിസ്റ്റം ലാബിലെ അലുമിനിയം ഫാബ്രിക്കേഷൻ മാറ്റി പുതിയ ജനൽ ഫ്രെയിമുകളും ഗ്ലാസ്സുകളും മാറ്റി സ്ഥാപിക്കുന്നതിനായി കാഞ്ഞങ്ങാട് പൊതുമാരാമത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർ **2,91,000/-** രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കാസർഗോഡ് സർക്കാർ പോളി ടെക്നിക്ക് കോളേജിലെ പ്രധാന കെട്ടിടത്തിലെ ഇലക്ട്രോണിക് എഞ്ചിനീയറിംഗ് വിഭാഗത്തിനു കീഴിലുള്ള VLSI/Embedded സിസ്റ്റം ലാബിലെ ഇരുമ്പ് നിർമ്മിതമായ ജനാലകളും വാതിലുകളും അലുമിനിയം ഫാബ്രിക്കേഷൻ ചെയ്ത ജനൽ ഫ്രെയിമുകളും കാലപ്പഴക്കം മൂലം അടർന്നുവീഴാവുന്ന അവസ്ഥയിലായതിനാൽ അവ മാറ്റി പുതിയ ജനൽ ഫ്രെയിമുകളും ഗ്ലാസ്സുകളും സ്ഥാപിക്കുന്നതിനായി **2,91,000/- (രണ്ടു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം )** രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ചെയ്യേണ്ടതാകുന്നു.

പ്രസ്തുത ചെലവിന് ആവശ്യമായ തുക **"2203-00-105-79-17 MW PLAN"** ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

**നിബന്ധനകൾ**

1.ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയ ബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.

2.ഫീൽഡ് സ്ഥാപനവും നിർവഹണ ഏജൻസിയും സംയുകതമായി 3 മാസത്തിലൊരിക്കൽ പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.

3.പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Draft #1 of File D4/12463/23/DTE Approved by Director (in-charge) on 17-Jul-2023 08:11 PM - Page 1

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1.പ്രിൻസിപ്പാൾ, സർക്കാർ പോളി ടെക്നിക്ക് കോളേജ്
കാസർഗോഡ്

2.അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമാരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, തിരുവനന്തപുരം

3. ഫിൻ (എ) സെക്ഷൻ

4. അക്കൌണ്ടൻറ് ജനറൽ (എ&ഇ) കേരള സർക്കാർ, തിരുവനന്തപുരം

5.ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 17.07.2023
Reason: Approved

Draft #1 of File D4/12463/23/DTE Approved by Director (in-charge) on 17-Jul-2023 08:11 PM - Page 2

The document is digitally approved. Hence signature is not needed.